# 141-ാമത് മന്നംജയന്തിസമ്മേളനത്തിൽ ജനസഹസ്രങ്ങൾ പങ്കെടുത്തു

എന്നത്തേക്കാളും പ്രൗഢഗംഭീരവും ജനനിബിഡവും സാംസ്കാരികത്തനിമ തെളിയിച്ചതുമായ സമ്മേളനങ്ങളാണ് 141-ാമത് മന്നംജയന്തിആഘോഷത്തോടനുബന്ധിച്ച് ഇക്കഴിഞ്ഞ ജനുവരി ഒന്നും രണ്ടും തീയതികളിൽ എൻ.എസ്.എസ്. ആസ്ഥാനത്ത് നടന്നത്. ചരിത്രത്തിൽ ഇടം പിടിച്ച ഈ മഹാസമ്മേളനങ്ങൾ നായർ സർവീസ് സൊസൈറ്റി എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ കെട്ടുറപ്പും നായർസമുദായാംഗങ്ങൾ തമ്മിലുള്ള ഐക്യവും ഇതരസമുദായങ്ങളുമായുള്ള സൗഹൃദവും വിളിച്ചോതുന്നതായിരുന്നു.

ഒന്നാംദിവസം നടന്ന അഖിലകേരളനായർപ്രതിനിധിസമ്മേളനത്തിൽ പങ്കെടുക്കാൻ സംസ്ഥാനമൊട്ടുക്കുള്ള എൻ.എസ്.എസ്.കരയോഗങ്ങളിൽനിന്നു വന്നെത്തിയ പ്രതിനിധികൾ ആദ്യം ഒഴുകിനീങ്ങിയത് സമുദായാചാര്യൻ അന്ത്യവിശ്രമംകൊള്ളുന്ന പുണ്യസങ്കേതമായ മന്നംസമാധിയിലേക്കാണ്. തികച്ചും ക്ഷേത്രസമാനമായി സംരക്ഷിച്ചുവരുന്ന മന്നംസമാധിമണ്ഡപത്തിലേക്ക് ദർശനത്തിനും പുഷ്പാർച്ചനയ്ക്കും ഏവർക്കും നിർബാധം കടന്നുചെല്ലാൻ രാവിലെ 8 മുതൽ സൗകര്യം ഒരുക്കിയിരുന്നു. അവിടെയെത്തിയ മുഴുവൻപേരും പുഷ്പാർച്ചന നടത്തി ആ മഹാത്മാവിന് പ്രണാമം അർപ്പിച്ച ശേഷമാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

എൻ.എസ്.എസ്. വൈസ് പ്രസിഡന്റ് പ്രൊഫ. വി. പി. ഹരിദാസിന്റെ അദ്ധ്യക്ഷതയിൽകൂടിയ അഖിലകേരള നായർപ്രതിനിധിസമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായരുടെ സ്വാഗതപ്രസംഗത്തിനും വിശദീകരണത്തിനും ശേഷം സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ ജന്മദിനമായ ജനുവരി 2, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ പരിധിയിൽപെടുന്ന പൊതുഅവധിയായിക്കൂടി പ്രഖ്യാപിക്കുക, മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് സാമൂഹികനീതി ഉറപ്പുവരുത്തുന്നതിന് എസ്.ആർ. സിൻഹു കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ കേന്ദ്രസർക്കാർ നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ സർക്കാരുകളോട് ഉന്നയിച്ചുകൊണ്ടും മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഹൈന്ദവർക്ക് ദേവസ്വം നിയമനങ്ങളിൽ 10% സംവരണം ഏർപ്പെടുത്തിയ സംസ്ഥാന സർക്കാരിനെ അഭിനന്ദിച്ചു കൊണ്ടുമുള്ള പ്രമേയങ്ങൾ യോഗത്തിന്റെ പരിഗണനയിൽ വരുകയും ആയത് ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു.

മഹാകവി മുതുകുളം ശ്രീധർ വ്യാഖ്യാനം ചെയ്ത് സർവീസിൽ 54 ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച 'വിഷ്ണുസഹസ്രനാമം - വ്യാഖ്യാനം' പുസ്തകരൂപത്തിലാക്കിയത് ജനറൽ സെക്രട്ടറി, ട്രഷറർക്ക് കൈമാറി പ്രകാശനം ചെയ്തു. സമ്മേളനത്തിന് കരയോഗം രജിസ്ട്രാർ പി.എൻ. സുരേഷ് നന്ദി പ്രകാശിപ്പിച്ചു. യോഗാനന്തരം ഉച്ച മുതൽ സംഗീതസദസ്സ്, 'മന്നത്തുപത്മനാഭൻ' എന്ന നൃത്തശില്പം, മേജർസെറ്റ് കഥകളി എന്നിങ്ങനെയുള്ള മികച്ച കലാപരിപാടികൾ അടുത്തദിവസം പുലർച്ചവരെ ആ സ്റ്റേജിൽ അരങ്ങേറി.

രണ്ടാംദിവസം രാവിലെ നാഗസ്വരക്കച്ചേരിയോടുകൂടിയാണ് ജന്മദിനാഘോഷം ആരംഭിച്ചത്. പതിവുപോലെ മന്നംസമാധിമണ്ഡപത്തിൽ രാവിലെ 7.30 മുതൽ ഇടവിടാതെ പുഷ്പാർച്ചന നടന്നുകൊണ്ടേയിരുന്നു. 10.45ന് എൻ.എസ്.എസ്. വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 141-ാമത് മന്നംജയന്തിസമ്മേളനം ആരംഭിച്ചു. ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി. അശ്വതിതിരുനാൾ ഗൗരിലക്ഷ്മീഭായി തമ്പുരാട്ടി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗുരുവായൂർ ദേവസ്വം ചെയർമാൻ എൻ. പീതാംബരക്കുറുപ്പ് അനുസ്മരണപ്രഭാഷണവും എം.ജി. യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ജേർണലിസം ഡയറക്ടർ പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള ആശംസാപ്രസംഗവും നടത്തി. എൻ.എസ്.എസ്. ട്രഷറർ ഡോ. എം. ശശികുമാറിന്റെ കൃതജ്ഞതാപ്രകാശനത്തോടെയാണ് യോഗം സമാപിച്ചത്.

രണ്ടുദിവസം നീണ്ടുനിന്ന ആഘോഷപരിപാടികളിൽ പങ്കെടുക്കാൻ എൻ.എസ്.എസ്. നായകസഭാംഗങ്ങൾ, താലൂക്ക് യൂണിയൻ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, പ്രതിനിധിസഭാംഗങ്ങൾ, താലൂക്ക് യൂണിയൻ കമ്മറ്റിയംഗങ്ങൾ, കരയോഗ - വനിതാസമാജ - ബാലസമാജപ്രതിനിധികൾ, രാഷ്ട്രീയ - സാമൂഹികമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ജനപ്രതിനിധികളടക്കമുള്ള വിശിഷ്ടവ്യക്തികൾ എന്നിവരുൾപ്പെടെ പതിനായിരക്കണക്കിന് സമുദായസ്നേഹികളാണ് എത്തിയത്. അവരേവരും തികഞ്ഞ അച്ചടക്കത്തോടെ സ്വയംനിയന്ത്രിച്ചും, ഉള്ള സൗകര്യങ്ങളിൽ തൃപ്തരായും ഈ ആഘോഷം വിജയിപ്പിക്കാൻ ആത്മാർത്ഥമായി സഹകരിച്ചു. ഇക്കാര്യത്തിൽ മാധ്യമങ്ങളുടെ സഹകരണവും സ്മരണീയമാണ്.

നായർ സർവീസ് സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം സമുദായാചാര്യന്റെ ജയന്തി പൂർവാധികം ഭംഗിയായി ഈ വർഷവും കൊണ്ടാടുവാൻ കഴിഞ്ഞു എന്നത് അഭിമാനകരംതന്നെയാണ്. ഇതിന്റെയെല്ലാം പിന്നിലെ ചാലകശക്തി കർമ്മയോഗിയും അനശ്വരനുമായ മന്നത്തുപത്മനാഭൻ എന്ന ആ മഹാത്മാവാണ്.